ശ്രീ. ടി. കെ. ദിവാകരൻ: ഇതിന്റെ തീരുമാനം ഉണ്ടാകാത്തതുകൊണ്ടു് മിനിമംവേജസ് കൊടുക്കുന്നതിനു് വളരെ കാലതാമസം നേരിടുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടു് ആറുമാസം കഴിഞ്ഞിട്ടേയുള്ളു. അതു സംബന്ധിച്ചു് ഒരു തീരുമാനം എടുക്കുന്നതിനു പലേ വിഷമങ്ങളും ഉണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: എന്താണു പ്രയാസങ്ങൾ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു സങ്കീർണ്ണ പ്രശ്നമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: അതിൽ എന്താണു് സങ്കീർണ്ണപ്രശ്നങ്ങൾ ഉള്ളതു്. മിനിമംവേജസ് ആക്ടു് അനുസരിച്ചുള്ള നോട്ടിഫിക്കേഷനിൽ ചില ഭേദഗതികൾ മാത്രമാണു് അതിൽ വരുത്തിയിട്ടുള്ളതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിനിമംവേജസ് എൻഫോഴ്സു ചെയ്യുമെന്നാണു് അവർ പ്രധാനമായി പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. കരുണാകരൻ: കയർമിനിമംവേജസ് ആക്ടിൽ പറഞ്ഞിട്ടുള്ളതും അഡൈവസറി കമ്മിറ്റിയുടെ റിപ്പോർട്ടും ഏകദേശം ഒന്നുതന്നെയല്ലെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട കൊല്ലം മെമ്പർ രണ്ടും രണ്ടാണെന്നു വിചാരിച്ചു.

ശ്രീ. ടി. കെ. ദിവാകരൻ: അഡൈവസറി കമ്മിറ്റിയുടെ റിപ്പോർട്ടിൽ വക്കു്ലോഡ് അല്പം വ്യത്യാസം വന്നിട്ടുണ്ടെന്നല്ലാതെ വലിയ വ്യത്യാസമില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടൊക്കെയാണു് ഇതു് ഒരു സങ്കീർണ്ണമായ പ്രശ്നമാണെന്നു പറഞ്ഞതു്.

ശ്രീ. കെ. കരുണാകരൻ: ആ റിപ്പോർട്ടിൽ വക്കുലോഡ് വർദ്ധിപ്പിക്കുകയാണു് ചെയ്തതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ടാൻസ്പോർട്ട് ഗാരേജുകൾ

* 575. [27] ശ്രീ. കുട്ടപൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തു് എത്ര ടാൻസ്പോർട്ട് ഗാരേജുകൾ ആണു് പണിയാനുദ്ദേശിക്കുന്നതു്; അവ എവിടെയെല്ലാം;

(ബി) കായങ്കുളത്തു പണിയാനുദ്ദേശിക്കുന്ന ടാൻസ്പോർട്ട് ഗാരേജിനുള്ള സ്ഥലം അവസാനമായി തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്കു പണി തുടങ്ങും?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) ഒന്നും.

(ബി) കായംകുളത്തു് ഒരു ബസ് സ്റ്റാൻറ പണിയുന്നതിനു താൽക്കാലികമായി സ്ഥലം നിശ്ചയിച്ചിട്ടുണ്ടു്. ആ സ്ഥലത്തു് ബസ് സ്റ്റാൻറ സ്ഥാപിക്കരുതെന്നു് ചില ആക്ഷേപങ്ങൾ ലഭിച്ചിരിക്കുന്നതിനാൽ അവസാനതീരുമാനം എടുത്തിട്ടില്ല. ഈ സാമ്പത്തികവർഷത്തിൽതന്നെ ജോലി തുടങ്ങണമെന്നാണു് ഉദ്ദേശം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ബസ് സ്റ്റാൻറിനെ കുറിച്ചല്ല എൻറെ ചോദ്യം. താരേജുകളെ സംബന്ധിച്ചാണു്. എന്നാൽ ഉത്തരം പറഞ്ഞതു് ബസ് സ്റ്റാൻറിനെ കുറിച്ചാണു്.

ശ്രീ. കെ. ഐ. വേലായുധൻ : താൽക്കാലികമായി താരേജായി ഉപയോഗിക്കുവാൻ മുമ്പുകിടന്നിരുന്ന സ്ഥലം അസൗകര്യമാണെന്നു കണ്ടതുകൊണ്ടു് ഇപ്പോൾ മാറി സ്ഥാപിച്ചിരിക്കുകയാണു്. അതിനു സൗകര്യമായ ഒരു സ്ഥലം എടുക്കണമെന്നുദ്ദേശിച്ചിരിക്കയാണു്. ഇപ്പോൾ കിടക്കുന്ന സ്ഥലത്തെ സംബന്ധിച്ചുതന്നെ വളരെ ആക്ഷേപങ്ങൾ ഉള്ളതുകൊണ്ടു് സ്ഥിരമായ ഒരു സ്ഥലം എടുക്കുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : പുതിയ ബസ് സ്റ്റാൻറ പണിയിക്കാതെ ഇപ്പോൾ താൽക്കാലികമായി മാറാൻ കാരണമെന്താണു്?

ശ്രീ. കെ. ഐ. വേലായുധൻ : വളരെയധികം ജനങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും കാറുകളും മറ്റു വാഹനങ്ങളും ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ടും അവിടെ ബസ് സ്റ്റാൻറ ഇടുന്നതിനു വളരെ വിഷമം ഉണ്ടെന്നു ഡിപ്പാർട്ടുമെൻറ മനസ്സിലാക്കിയതുകൊണ്ടാണു് ഇങ്ങനെ ബസ് സ്റ്റാൻറ മാറണം എന്നു തീരുമാനിച്ചതു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇപ്പോൾ ബസ് സ്റ്റാൻറ് മാറിയിരിക്കുന്ന സ്ഥലത്തു റോഡിനു വിതി കുറവാണെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : ഇപ്പോൾ മാറിയിരിക്കുന്ന സ്ഥലം വളരെ ഒതുങ്ങിയതും അധികം ജനങ്ങൾ ഗതാഗതം ചെയ്യാത്തതുമായ ഒരു സ്ഥലമാണു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ബസ് സ്റ്റാൻറ് മാറാൻ പാടില്ല എന്നു് ടൗൺ കോൺഗ്രസ് കമ്മിറ്റിയും മറ്റു പ്രമുഖ വ്യക്തികളും നിവേദനങ്ങൾ നടത്തിയിട്ടില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : രണ്ടുതരത്തിലും നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. നാലഞ്ചുനിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അതു സംബന്ധിച്ചു അവസാനതീരുമാനം എടുത്തിട്ടില്ലെന്നാണോ വിചാരിക്കേണ്ടതു്?

ശ്രീ. കെ. ഐ. വേലായുധൻ : എത്രയോ പ്രപ്പോസൽസ് കിട്ടിയിട്ടുണ്ടു്. ഒന്നും തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly